വഴിവെളിച്ചം

# ആദ്യം വിചാരണ നേരിടുന്ന മൂന്ന് തരക്കാർ

عَن سُلَيْمَان بن يَسَار قَالَ سَمِعْتُ رَسُولَ اللَّه ﷺ يَقُولُ : إنَّ اَوَّلَ النَّاسِ يُقْضَى عَلَيْه يَوْمَ الْقِيَامَة رَجُلٌ اُسْتَشْهِدَ فَأُتِى بِه فَعَرَّفَهُ نِعْمَهُ فَعَرَفَهَا . قَالَ : فَمَا عَمِلْتَ فِيهَا . قَالَ : قَاتَلْتُ فِيكَ حَتَى اُسْتُشْهِدْتُ، قَالَ : كَذِبتَ ، وَلَكِنَّكَ قَاتَلْتَ لِأَنْ يُقَالَ جَرِئ فَقَدْ قِيلَ ، ثُمَّ اُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتّى اُلْقِيَ فِى النَّارِ . وَرَجُل تَعَلّم الْعِلمَ وَعَلَّمَه ، وَقَرَأَ الْقُرْآن. فَأُتِيَ بِه فَعَرَّفَهُ نِعْمَهُ فَعَرَفَهَا. قَالَ: فَمَا عَمِلْتَ فِيهَا؟ قَالَ تَعَلَّمْتُ الْعِلْمَ وَعَلَّمْتُهُ ، وَقَرَأْتُ فِيكَ الْقُرْآنَ ، قَالَ : كَذِبْتَ وَلَكِنَّكَ تَعَلَّمْتَ الْعِلْمَ لِيُقَالَ عَالِمٌ. وَقَرَأتَ القرآنَ لِيُقَالَ هو قَارِئٌ. فَقَد قِيلَ. ثمّ اُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ حَتَى اُلْقِىَ فِى النّارِ.وَرَجُلٌ وَسّعَ اللّهُ عَلَيْهِ ، وَأَعْطَاهُ مِنْ اَصْنَافِ الْمَالِ كُلّه ، فَأُتِىَ بِه فَعَرَّفَهُ نِعْمَهُ فَعَرَفَهَا، قَالَ : فَمَا عَمِلْتَ فِيهَا ؟ قَالَ : مَا تَرَكْتُ مِنْ سَبِيلٍ تُحِبُّ ان يُنْفَقَ فِيهَا الاَّ اَنفَقْتُ فِيهَا لَكَ قَالَ: كَذِبتَ . وَلَكِنَّكَ فَعَلْتَ لِيُقَالَ : هُوَ جَوَادٌ. فَقَد قِيلَ. ثُمَ اُمِرَ بِهِ فَسُحِبَ عَلَى وَجْهِهِ ثُمَّ اُلْقِيَ فِى النَّارِ.

സുലൈമാനുബ്നു യസാർ പറഞ്ഞു: പ്രവാചകൻ പറഞ്ഞത് ഞാൻ കേട്ടു: അന്ത്യദിനത്തിൽ ആദ്യമായി വിധികൽപിക്കപ്പെടുക രക്തസാക്ഷ്യം വരിച്ച ഒരാളുടെ കാര്യത്തിലാണ്. അയാളെ കൊണ്ടുവരും. അയാൾക്ക് നൽകിയ അനുഗ്രഹങ്ങൾ അയാളെ ഓർമിപ്പിക്കും. അയാളത് മനസ്സിലാക്കുകയും

ചെയ്യും. പിന്നെ അല്ലാഹു ചോദിക്കും: "അത് നീ എങ്ങനെ വിനിയോഗിച്ചു?" "രക്തസാക്ഷ്യം വരിക്കുവോളം നിന്റെ മാർഗത്തിൽ ഞാൻ യുദ്ധം ചെയ്തു വല്ലോ" അയാൾ പറയും. അല്ലാഹു പറയും: "നീ കളവ് പറയുകയാണ്. ധീരനെന്ന് വിളിക്കപ്പെടാൻ വേണ്ടിയാണ് നീ യുദ്ധം ചെയ്തത്. നീയങ്ങനെ വിളിക്കപ്പെടുകയും ചെയ്തുവല്ലോ?" പിന്നീട് അയാൾക്ക് ശിക്ഷ വിധിക്കുകയും മുഖം നിലത്തിട്ട് വലിച്ചിഴച്ച് അയാളെ നരകത്തിൽ എറിയുകയും ചെയ്യും.

വിജ്ഞാനമാർജിക്കുകയും അത് പഠിപ്പിക്കുകയും ഖുർആൻ പാരായണം നടത്തുകയും (മനഃപാഠമാക്കുകയും) ചെയ്ത ആൾ ഹാജരാക്കപ്പെടും. അയാൾക്ക് നൽകിയ അനുഗ്രഹത്തെക്കുറിച്ച് അയാളെ ഓർമിപ്പിക്കുകയും അതയാൾ ഓർക്കുകയും ചെയ്യും. അല്ലാഹു ചോദിക്കും: "അതെന്തിന് വേണ്ടി നീ വിനിയോഗിച്ചു?" "ഞാൻ വിജ്ഞാനം നേടുകയും അത് പഠിപ്പിക്കുകയും നിനക്ക് വേണ്ടി ഖുർആൻ പാരായണം നടത്തുകയും ചെയ്തു"- അയാൾ പറയും. അല്ലാഹു പറയും: "നീ കള്ളം പറയുകയാണ്. പണ്ഡിതനെന്ന് ആളുകൾ പറയാൻ വേണ്ടിയാണ് നീ വിജ്ഞാനം നേടിയത്. ഖുർആൻ പാരായണ വിദഗ്ധൻ (ഖുർആൻ മനഃപാഠമാക്കിയവൻ) എന്ന് പറയപ്പെടാൻ വേണ്ടിയാൻ നീ ഖുർആൻ പാരായണം ചെയ്തത്. അത് പറയപ്പെടുകയും ചെയ്തു." തുടർന്ന് ശിക്ഷയായി അയാളെ മുഖം നിലത്ത് വലിച്ചിഴച്ചു നരകത്തിൽ എറിയും.

അല്ലാഹു സാമ്പത്തിക സൗകര്യം ചെയ്തു കൊടുക്കുകയും വിവിധ സ്വത്തിനങ്ങൾ നൽകുകയും ചെയ്ത ആളെ കൊണ്ടുവരും. അയാൾക്ക് നൽകിയ അനുഗ്രഹങ്ങൾ അയാളെ ഓർമിപ്പിക്കുകയും ചെയ്ത ശേഷം അല്ലാഹു ചോദിക്കും: "അവ നീ എന്ത് ചെയ്തു?" "ചെലവഴിക്കാൻ നീ ഇഷ്ടപ്പെടുന്ന ഒരു മാർഗവും നിനക്ക് വേണ്ടി ഞാൻ ചെലവഴിക്കാതെ വിട്ടിട്ടില്ല" - അയാൾ മറുപടി പറയും. അപ്പോൾ അല്ലാഹു: "നീ കളവാണ് പറയുന്നത്. നീ ചെയ്തത് വലിയ ധർമിഷ്ടനാണെന്ന് പറയപ്പെടാൻ വേണ്ടിയാണ്. അങ്ങനെ പറയപ്പെടുകയും ചെയ്തു." പിന്നെ അയാൾക്ക് ശിക്ഷ വിധിക്കും. മുഖം വലിച്ചിഴച്ച് അയാളെ നരകത്തിൽ തള്ളും (മുസ്ലിം).

**ഇസ്‌ലാം** കർമങ്ങളെ വിലയിരുത്തുന്നത് അവക്ക് പിന്നിലുള്ള ഉദ്ദേശ്യങ്ങളുടെയും വികാരവിചാരങ്ങളുടെയും അടിസ്ഥാനത്തിലത്രെ. കപട മനസ്സോടെ ചെയ്യുന്ന പ്രവൃത്തി എത്ര വലുതായാലും അത് പുണ്യകർമങ്ങളിൽ പെടുകയില്ല. അല്ലാഹുവിന് വേണ്ടി ഒരാൾ നമസ്കരിച്ചാൽ അത് അല്ലാഹുവിന് വേണ്ടിയാവും. എന്നാൽ ആരെങ്കിലും ജനങ്ങളെ കാണിക്കാനാണ് നമസ്കരിച്ചതെങ്കിൽ അത് നമസ്കാരമാവുകയില്ല. അതൊരു പാഴ്‌വേലയായിരിക്കും. മാത്രമല്ല, പാപകൃത്യവും! ഇതാണ് കപടമനസ്സോടെ കാര്യങ്ങൾ ചെയ്താലുള്ള ഫലം. ചെയ്യുന്നവരുടെ ഉദ്ദേശ്യമാണ് പ്രധാനം. പ്രവാചകൻ അരുളുന്നു:

"അല്ലാഹുവിന്റെ നോട്ടം നിങ്ങളുടെ ശരീരങ്ങളിലേക്കോ, നിങ്ങളുടെ മുഖങ്ങളിലേക്കോ അല്ല, നിങ്ങളുടെ മനസ്സുകളിലേക്കാണ്."

മനുഷ്യൻ ഉദ്ദേശ്യം വെളിപ്പെടുത്തിയാലും ഒളിച്ചുവെച്ചാലും ഓരോ പ്രവൃത്തിയും എന്തിനു വേണ്ടി ചെയ്യുന്നുവെന്ന് അല്ലാഹു അറിയും. ആത്മാർഥതയോടെ ചെയ്യുന്ന കർമങ്ങൾക്ക് അവന് അളവറ്റ പ്രതിഫലം നൽകും. അതിനാൽ പേരിനും പെരു

മക്കും വേണ്ടി ചെയ്യുന്നവൻ തുലഞ്ഞതുതന്നെ.

പ്രകടനതാൽപര്യത്തെ 'ശിർക്ക്' എന്ന ഗുരുതരമായ കുറ്റമായിട്ടാണ് ഇസ്‌ലാം വീക്ഷിക്കുന്നത്. ഈ ദുർഗുണത്തിനെതിരെ നിതാന്ത ജാഗ്രത പുലർത്താൻ തിരുമേനി പ്രത്യേകം ഉണർത്തിയിട്ടുണ്ട്. "അല്ലാഹു മനുഷ്യരോടാജ്ഞാപിച്ചിട്ടുള്ളത് വണക്കവും വിധേയത്വവും അവന് മാത്രമായിക്കൊണ്ട് അവന് ഇബാദത്ത് ചെയ്യാനാണ്." അത് ചെയ്യുമ്പോൾ പരിശുദ്ധമായിരിക്കണം മനസ്സ്.

അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ബലിയർപ്പിച്ചവനാണ് യഥാർഥ രക്തസാക്ഷി. പോരാടിയത് 'വീരശൂരപരാക്രമി' എന്ന കീർത്തിക്ക് വേണ്ടിയാണെങ്കിൽ കർമം വിഫലം! രക്തസാക്ഷിത്വം ഫലശൂന്യം. നരകശിക്ഷ അനിവാര്യം.!!

സ്വാർഥന്മാരും പ്രശംസ ആഗ്രഹിക്കുന്നവരുമായ പണ്ഡിതന്മാരുടെ നിലയും മറിച്ചല്ല വ്യാജ പണ്ഡിതന്മാരാണ് സമൂഹത്തിന് ഏറെ ദോഷം വരുത്തിവെക്കുന്നത്. പ്രവാചകൻ അരുളുന്നു: "ദൈവപ്രീതി നേടിത്തരുന്ന വിജ്ഞാനം ആർജിച്ച ഒരാൾ അത് ഭൗതിക വിജയത്തിന് മാത്രമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ പുനരുത്ഥാന നാളിൽ സ്വർഗത്തിന്റെ സുഗന്ധമറിയാൻ അയാൾക്ക് കഴിയുകയില്ല." (അബൂദാവൂദ്)

വാരിക്കോരി ദാനധർമങ്ങൾ ചെയ്യുന്നത് കൊള്ളാം. പക്ഷേ അത് ആളുകളുടെ പ്രശംസ ലാക്കാക്കി ആവരുത്. അങ്ങനെയായാൽ അവരും നരകത്തിലെറിയപ്പെടും.

ജനങ്ങളെ കാണിക്കാനായി ധനം ചെലവാക്കരുത്. ഖുർആനിലെ ഉപമ കാണുക: "മണ്ണുള്ള ഒരു പാറ. കനത്ത മഴ പെയ്തപ്പോൾ മണ്ണെല്ലാം ഒലിച്ചുപോയി. അവർ നേടിവെച്ചതൊന്നും അവർക്ക് പ്രയോജനം ചെയ്യുകയില്ല" (2:264).

ഉദ്ദേശ്യം കളങ്കപ്പെട്ടുപോയ കർമങ്ങളുടെ ഗതിയാണിത്. പ്രവർത്തനങ്ങളിൽ ലോകമാന്യത വരാതിരിക്കാൻ പ്രവാചകൻ നിരന്തരം പ്രാർഥിച്ചിരുന്നതായി ഹദീസുകളിൽ വന്നിട്ടുണ്ട്.

**അബ്ദുൽജബ്ബാർ കൂരാരി**